LIBRARY ARCHIVES Kerala Legislative Assembly

ഡീസൽ വില വർദ്ധനവ്

*30 [120] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡീസലിന്റെ വില വർദ്ധനവിന്റെ ഭാഗമായി ഉണ്ടായ ഉയർന്ന ചെലവ് കെ.എസ്.ആർ.ടി.സി.-ക്ക് താങ്ങാൻ കഴിയുമോ;

(ബി) ഇല്ലെങ്കിൽ ഇത് പരിഹരിക്കുവാൻ ജനങ്ങളെ ബാധിക്കാത്ത രീതിയിലുള്ള എന്തു നടപടികൾ കൈക്കൊള്ളാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി: (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

(ബി) പരിഹാരമാർഗ്ഗങ്ങൾ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യാവസായിക രംഗത്തെ നിക്ഷേപം

1 [455] ശ്രീ. ടി. പി രാമകൃഷ്ണൻ:

" വി. കെ. സി. മമ്മത്കോയ:

" എ. കെ. ബാലൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക രംഗത്ത് പുതിയ നിക്ഷേപത്തിന് ഇപ്പോൾ ആകർഷകമായി ഏതെങ്കിലും ഘടകങ്ങൾ ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം പുതുതായി ഏതെങ്കിലും നിക്ഷേപക സംരംഭങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മൊത്തം എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്;

(സി) ഇൻവെസ്റ്റിമെന്റ് പ്രമോഷൻ ബോർഡ് വഴി ഈ വർഷം പുതുതായി വന്ന എതെങ്കിലും നിക്ഷേപ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ആഗോള നിക്ഷേപക സമ്മേളനത്തിൽ ധാരണാ പത്രത്തിൽ ഒപ്പിട്ട പദ്ധതികൾ എത്ര; അതിൽ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് മുഖേന ഈ വർഷം അനുമതി നൽകിയവ ഏതെല്ലാമാണ്; 'ജിം' മുഖേനയുള്ള പദ്ധതികളിൽ കൂടി മൊത്തം എത്ര കോടിയുടെ പുതിയ നിക്ഷേപം ഈ വർഷം കേരളത്തിലുണ്ടായിട്ടുണ്ട്; പുതുതായി എത്രപേർക്ക് സ്ഥിരം തൊഴിൽ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സർക്കാർ വിവിധ നിക്ഷേപ സൗഹൃദ നയങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഉദാഹരണമായി വ്യവസായ നയം, വിവര സാങ്കേതിക വിദ്യ നയം, തൊഴിൽ നയം എന്നിവ. ഇതിലെല്ലാം വ്യാവസായിക നിക്ഷേപത്തിന് ആകർഷകമായ ഒട്ടനവധി വ്യവസ്ഥകൾ ഉണ്ട്. ജിമ്മിനു ശേഷം പദ്ധതികൾക്ക് ദ്രുതഗതിയിൽ ക്ലിയറൻസ് നൽകുവാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചും കിൻഫ്രായുടെ കീഴിൽ എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളുമുള്ള വിവിധ വ്യവസായ പാർക്കുകൾ രൂപീകരിച്ചു. ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കി. ഇവയെല്ലാം വ്യാവസായിക നിക്ഷേപത്തിന് ആകർഷകമായ ഘടകങ്ങളാണ്.

(ബി) 2003-2004-ലും 1-4-2004 മുതൽ 31-5-2004 വരെയും ചെറുകിട വ്യവസായ മേഖലയിൽ 17639 പദ്ധതികൾക്കായി 14307.45 ലക്ഷം രൂപയുടെ നിക്ഷേപവും ഇടത്തരം വൻകിടമേഖലയിൽ 4 പദ്ധതികളിലായി 65 ലക്ഷം രൂപയുടെ നിക്ഷേപവും കൂടാതെ 45 വ്യവസായ സംരംഭകർക്ക് ഈ വർഷം വ്യവസായം ആരംഭിക്കുന്നതിന് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. 3053 ലക്ഷം രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 7 പദ്ധതികൾക്ക് നിക്ഷേപാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിലെ ഇതേവരെയുള്ള മൂന്ന് മാസങ്ങളിൽ അനുമതി ഒന്നും ആയിട്ടില്ല. 2003 ഏപ്രിൽ മുതൽ 2004 മാർച്ച് വരെയുള്ള കാലയളവിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡു വഴി പുതുതായി നൽകിയ അനുമതിയെ സംബന്ധിച്ച വിശദാംശം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(ഡി) ജിമ്മിൽ ഒപ്പുവച്ചത് 96 പദ്ധതികളാണ്. അവയിൽ 40 പദ്ധതികൾക്ക് ഇൻവെസ്റ്റുമെന്റ് പ്രൊമോഷൻ ബാർഡ് ശുപാർശ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.† ജിം മുഖേന ഒപ്പുവച്ച പദ്ധതികളുടെ തുടർ നടപടികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. അതിനാൽ നിക്ഷേപത്തെപ്പറ്റിയും തൊഴിലവസരങ്ങളെപ്പറ്റിയും കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

2 [456] ശ്രീ. യു. സി. രാമൻ:

" വി. കെ. ഇബ്രാഹിംകുഞ്ഞ്:

" സി. മമ്മൂട്ടി:

" ഇസ്ഹാക്ക് കുരിക്കൾ:

" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.